# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 362** **27.09.2016- ൽ മറുപടിക്ക്**

### കൈത്തറി വ്യവസായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.സി.കെ.ഹരീന്ദ്രൻ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി വ്യവസായ രംഗത്തെ മുഖ്യ പ്രശ്നങ്ങളായ കൂലിക്കുറവ്, ഉല്പന്നങ്ങൾ യഥാസമയം വിറ്റഴിക്കാൻ സാധിക്കാതിരിക്കുക, മൂലധനക്കുറവ് തുടങ്ങിയവ പരിഹരിക്കാനായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) <u>കൂലിക്കുറവ്</u><br>കൈത്തറി വ്യവസായരംഗത്തെ മുഖ്യപ്രശ്നമായ നെയ്ത്തുകാരുടെ കൂലിക്കുറവ് പരിഹരിക്കുന്നതിനായി ഇൻകം സപ്പോർട്ട്, പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി ആവിഷ്കരിച്ച് നടത്തുന്നു. ഈ പദ്ധതി പ്രകാരം നെയ്ത്തുകാരുടെ ദിവസവേതനം പരമാവധി ഉയർത്തുന്നതിനായി സാധിക്കുന്നു.<br><u>ഉൽപന്നങ്ങൾ യഥാസമയം വിറ്റഴിക്കാൻ സാധിക്കാതിരിക്കുക</u><br>വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് വിഷു ഓണം,റംസാൻ, ക്രിസ്തുമസ് ഉത്സവകാലത്തോട് അനുബന്ധിച്ച് ജില്ലതോറും കൈത്തറി പ്രദർശനങ്ങൾ, വിൽപ്പനമേളകൾ, വർഷംതോറും നാഷണൽ ഹാന്റ് ലൂം എക്സിബിഷൻ, സ്റ്റേറ്റ് ഹാന്റ് ലൂം എക്സിബിഷൻ എന്നിവ സംഘടിപ്പിക്കുന്നു.<br><br>കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പ്രചാരണം നടത്തി വരുന്നു.<br><br>കൈത്തറി ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി വിദേശരാജ്യങ്ങളിൽ നടക്കുന്ന പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് സംഘങ്ങൾക്ക് അവസരം ഉണ്ടാക്കാറുണ്ട്. ഇതിന്റെ ഭാഗമായി ജർമ്മനിയിൽ വച്ച് സംഘടിപ്പിച്ച ഹേംടെക്സ്റ്റൈൽ എക്സിബിഷനിൽ 2 തവണയായി ഹാന്റക്സ്, ഹാൻവീവ്, 5 പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവർ പങ്കെടുത്തിട്ടുണ്ട്. കേരളത്തിനു പുറത്ത് ജയ്പൂർ ഫെസ്റ്റ്, ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ,ഇന്ത്യ ഇന്റർനാഷണൽ ഹാന്റ് ലൂം ഫെയർ, ബാംഗ്ളൂർ ഫെസ്റ്റ് എന്നീ പ്രദർശനങ്ങളിൽ കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും അതുവഴി വിപണി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ തനതു കൈത്തറി ഉൽപ്പന്നങ്ങളായ കുത്താമ്പുള്ളി സാരികൾ, |

ബാലരാമപുരം സാരികൾ, കാസർഗോഡ് സാരികൾ, ചേന്ദമംഗലം സെറ്റുമുണ്ടുകൾ, കണ്ണൂർ ഫർണീഷിംഗ് മെറ്റീരിയൽ എന്നിവയ്ക്ക് വിദേശ വിപണി ലക്ഷ്യമാക്കി ഭൗമസൂചിക നിലവാരം ലഭ്യമാക്കിയിട്ടുണ്ട്.

മൂലധനക്കുറവ് പരിഹരിക്കുന്നതിനായി

മാർജിൻമണി ഗ്രാന്റ് പദ്ധതിയിൻ കീഴിൽ ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പക്ക് അനുസൃതമായി തറിക്ക് 20,000/- രൂപ നിരക്കിൽ പരമാവധി 5,00,000/- രൂപ പ്രവർത്തന മൂലധനമായി നൽകുന്നു. കൂടാതെ പുനരുദ്ധാരണപദ്ധതി പ്രകാരം ഫാക്ടറി ടൈപ്പ് സംഘങ്ങൾക്ക് തറി ഒന്നിന് 10,000/- രൂപ നിരക്കിൽ പരമാവധി 5,00,000/- രൂപയും നൽകി വരുന്നു. ഗുണമേന്മയുള്ള നൂലുകൾ, ചായങ്ങൾ മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവ കുറഞ്ഞവിലയ്ക്ക് പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി നിയോഗിച്ചിട്ടുള്ള സംസ്ഥാനത്തെ 7 യാൺ ബാങ്കുകൾക്ക് പ്രവർത്തന മൂലധനമായി മാർജിൻ മണി ലോൺ നൽകി വരുന്നു. കൂടാതെ പ്രവർത്തന മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും മൂലധന വർദ്ധനവിനുമായി ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവയ്ക്ക് സർക്കാർ ഓഹരി പങ്കാളിത്തം അനുവദിക്കുന്നുണ്ട്.

(ബി) കൈത്തറി ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ തനതായ ഉല്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതിന് പ്രത്യേക വാണിജ്യ വകുപ്പ് തുടങ്ങാൻ ആലോചിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) പരിശോധിച്ച വരുന്നു.

(സി) ഈ രംഗത്തെ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ എന്തൊക്കെ പദ്ധതികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

(സി) ഈ രംഗത്തെ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ താഴെ പറയുന്ന പദ്ധതികൾ നിലവിലുണ്ട്.

1) ഇൻകം സപ്പോർട്ട് സ്കീം
2) പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം
3)അംശദാന സമ്പാദ്യ പദ്ധതി
4)കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (എം.ജി.ബി.ബി.വൈ)
5) ഈ പദ്ധതി പ്രകാരം അംഗങ്ങളുടെ കുട്ടികൾക്ക് (ഹൈസ്കൂൾ) സ്കോളർഷിപ്പ്, ഡെത്ത് ക്ലെയിം, ആക്സിഡന്റ് ഇൻഷ്വറൻസ് എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നു.

സെക്ഷൻ ഓഫീസർ